# അർത്ഥത്തിന്റെ 'മേൽ'നോട്ടം: ധൈഷണിക അർത്ഥവിചാരം

ഡോ. പി.എം. ഗിരീഷ്
വകുപ്പധ്യക്ഷൻ, മലയാളവിഭാഗം, മദ്രാസ് സർവകലാശാല

## ആമുഖം

വ്യത്യസ്ത അവയവവ്യവസ്ഥയും നാഡീവ്യൂഹവും മസ്തിഷ്കവും ചേർന്നു രൂപപ്പെടുത്തിയ ജീവശാസ്ത്രപരമായ ഉടൽ, ധൈഷണികാർത്ഥവിചാര (Cognitive Semantics)ത്തിന്റെ പ്രധാന പഠനോപാധിയാണ്. ഉടലും ലോകവും തമ്മിലുള്ള സമ്പർക്കവും ഇടപെടലുകളുടെ രീതിഭേദങ്ങളുമാണ് അർത്ഥത്തെ ഉത്പാദിപ്പിക്കുന്നത്. അർത്ഥത്തിന്റെ 'മേൽ' നോട്ടം നിർവ്വഹിക്കുന്നത് ഉടലാകുന്നു. സാമൂഹികവും കായികവുമായ വസ്തുതയാണ് ഉടൽ. ഉടലനുഭവമാണ് ചിന്തയെയും അർത്ഥത്തെയും നിർണ്ണയിക്കുന്നത്. സാമൂഹികവും സാംസ്കാരികവും ഭൗതികവുമായ ചുറ്റുപാടുകളുമായി ഇടപഴകുന്നതിന്റെ ഫലമായി ശരീരം ആർജ്ജിച്ചെടുക്കുന്ന അനുഭവമാണ് ഉടലനുഭവം. അർത്ഥം ഉടലനുഭവമാണ്. മാത്രമല്ല ഭാഷാർജ്ജനസന്ദർഭത്തിൽ പലപ്പോഴും ശരീരവുമായി ബന്ധപ്പെട്ട പദങ്ങളാണ് ശിശുക്കൾ ആദ്യമായി പഠിച്ചെടുക്കുക; ഇപ്രകാരം പോകുന്നു ധൈഷണികാർത്ഥവിചാരചിന്തകൾ.[1]

## ലോകാനുഭവവും സാമാന്യവത്കരണവും

മസ്തിഷ്കത്തിന്റെ ധർമ്മം ജ്ഞാനാർജ്ജനമാണ്. നാഡീകോശങ്ങളിലൂടെയാണ് ജ്ഞാനം ആർജ്ജിക്കുന്നത്. നാഡീകോശങ്ങളുടെ സാകല്യമാണ് മനുഷ്യർ. പതിനായിരംകോടി നാഡീകോശങ്ങൾ മനുഷ്യമസ്തിഷ്കത്തിലുണ്ട്. ഇവയുടെ സഹായത്തോടെയാണ് നാം

1 മാർക്ക് ജോൺസൺ, ജോർജ് ലക്കോഫ്, ഫീൽഡമാൻ, ലങ്ഗാക്കർ എന്നിവരുടെ ചിന്തകൾ

വിവരങ്ങൾ ആർജ്ജിക്കുന്നത്. നമ്മുടെ യുക്തിയും സങ്കല്പനവും ശരീരാധിഷ്ഠിതമാണ്. മസ്തിഷ്കഘടനയാണ് അവ തീരുമാനിക്കുന്നത്. മസ്തിഷ്കത്തിലെ നാഡികളാണ് ഒരു സങ്കല്പനം എപ്രകാരമുൾക്കൊള്ളണമെന്ന് തീരുമാനിക്കുന്നത്. വർഗീകരിക്കാനുള്ള കഴിവ് ധൈഷണികമാണ്. അമീബവരെ ഇക്കാര്യം ചെയ്യുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും അബോധപരമാണ്. ബാഹ്യലോകത്തിന്റെ പ്രതിഫലനമാണോ മനുഷ്യന്റെ സങ്കല്പനവും അർത്ഥവും എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ധൈഷണികാർത്ഥവിജ്ഞാനത്തിന്റെ ഉടൽപൊരുൾ അഥവാ 'എംബോഡീഡ് മീനിങ്' എന്നത്. നമ്മുടെ ശരീരവും തലച്ചോറും രൂപപ്പെടുത്തുന്ന സങ്കല്പനങ്ങൾ ഉടലറിവുകളാണ്. അവ ആവിഷ്കരിക്കുന്നത് ജ്ഞാനമാതൃകകളാണ്. ശരീരം അറിവാണ്. അറിവിന്റെ നിയാമകവും നിദാനവും ശരീരമാണ്. ശരീരസ്വഭാവമാണ് അറിവിന്റെ മാധ്യമമാകുന്നത്. നമ്മുടെ അനുഭവങ്ങൾ മൂർത്തീകരിക്കപ്പെടുന്നത് ശരീരംവഴിയാണ്. ശരീരത്തിന്റെ പ്രകൃതി, നാഡീകോശങ്ങൾ എന്നിവവഴിയാണ് നാം ലോകത്തെ അറിയുന്നത്. ഇതിനെ ധൈഷണികബോധം എന്നു വിളിക്കാം. ഈ ധൈഷണികബോധമാണ് നമ്മുടെ സങ്കല്പനത്തെയും വീക്ഷണത്തെയും നിർണ്ണയിക്കുന്നത്.

ലോകാനുഭവത്തെ എങ്ങനെ മനസ്സിലാക്കുന്നുവെന്നും എങ്ങനെ അനുഭവിക്കുന്നുവെന്നും വ്യക്തമാക്കുകയാണ് വ്യാകരണം; അനുഭവങ്ങളെ സാമാന്യവത്കരിച്ച് അവതരിപ്പിക്കുകയാണ് വ്യാകരണം. അതിനാൽ ലോകബോധത്തിന്റെ സാമാന്യവത്കരണമാണ് വ്യാകരണം. ഒരു ഉദാഹരണം നോക്കുക: കാലുകൾ ഉള്ള ജീവിയുടെ കർമമാണ് ഓടുക എന്ന ക്രിയ. 'ഓടുക' എന്ന ക്രിയയുടെ അർത്ഥം ഓടുന്ന ആൾക്കോ/ 'ജന്തു'വിനോ അനുസൃതമായി വ്യത്യാസപ്പെടുന്നു. മനുഷ്യർ ഓടുന്നതുപോലെയല്ല പട്ടി ഓടുന്നത്. അതുപോലെയല്ല കുതിര ഓടുന്നത്. അതായത് ഒരേപോലെയുള്ള ചലനത്തെയല്ല ഓടുക എന്ന ക്രിയ കാണിക്കുന്നതെന്നർത്ഥം. ഇപ്രകാരം പലതരത്തിലുള്ള ഓട്ടങ്ങളെ/ചലനങ്ങളെ 'ഓടുക' എന്ന ക്രിയയായി സാമാന്യവത്കരിച്ചാണ് നാം ഉപയോഗിക്കുന്നത്. മിക്ക അർത്ഥരൂപങ്ങളും വ്യത്യസ്ത അർത്ഥബോധങ്ങളുമായി പരിഗണനീയമായ തരത്തിൽ പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നു. അതൊരു ശൃംഖലപോലെ പ്രവർത്തിക്കുന്നു[2]. നാം ആർജ്ജിച്ചെടുക്കുന്ന അറിവ് ബുദ്ധിയിൽ ഒരുക്കി സൂക്ഷിച്ചുവെയ്ക്കുന്നത്, ഇത്തരം ജ്ഞാനബിംബശൃംഖല (Image schema) കളിലൂടെയാണ്. പരസ്പരം ബന്ധപ്പെട്ട സങ്കല്പനങ്ങളെ കൂട്ടിച്ചേർത്തും അവയെ മുൻകാലസംഭവങ്ങളും അനുഭവങ്ങളുമായി കൂട്ടിച്ചേർത്തും

2. അർത്ഥപഠനത്തിന് സമഗ്രതയിലൂന്നുന്ന സമീപനം കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിലാണ് ലങ്ഗാക്കർ ശ്രദ്ധേയനാകുന്നത്.

നിർത്തുന്നത് ബിംബശൃംഖലകളാണ്. വൈജ്ഞാനികഘടകങ്ങളുടെ ഏകകം ബിംബശൃംഖലയാണ്. മനുഷ്യർ ഉൾക്കൊള്ളുന്ന അനുഭവത്തിന്റെ മാനസികബിംബമാണിത്. ബിംബശൃംഖലകൾ ലളിതമോ സങ്കീർണമോ ആകാം. എങ്ങനെ പെരുമാറണമെന്നതടക്കമുള്ള സാമൂഹികവിഷയങ്ങൾ മസ്തിഷ്കത്തിൽ ബിംബശൃംഖലയുടെ അടിസ്ഥാനത്തിലാണ് നില്ക്കുന്നത്. അനുഭവങ്ങളുടെ എണ്ണം വർധിക്കുന്തോറും ബിംബശൃംഖല സങ്കീർണ്ണ മാകുന്നു. വ്യക്തികളുടെ കായികചലനങ്ങളുടെയും അനുഭവങ്ങളുടെയും പ്രതിനിധാനങ്ങൾ എന്ന നിലയ്ക്കാണ് ഇവ ബിംബാത്മകമാകുന്നത്. ആവർത്തനക്രമത്തോടുകൂടിയ ശരീരചലനങ്ങൾ, വസ്തുക്കൾ കൈകാര്യംചെയ്യൽ, വസ്തുക്കളെ നിയന്ത്രണത്തിൽ കൊണ്ടുവരൽ, ഗ്രഹണം എന്നിങ്ങനെയുള്ള വൃത്തികൾവഴിയാണ് നാം അറിവ് ആർജ്ജിക്കുന്നത്. ഇപ്രകാരം ഉടൽ നേരിട്ട് അർത്ഥോത്പാദനത്തിൽ പങ്കെടുക്കുന്നു.

### മുന്നുടലും പിന്നുടലും

മനുഷ്യശരീരത്തിന്റെ പ്രധാന പ്രത്യേകത, മുൻഭാഗത്തിൽനിന്നു വ്യത്യസ്തമാണ് പിൻഭാഗമെന്നതാകുന്നു. മനുഷ്യശരീരത്തിന്റെ മുൻഭാഗത്താണ് ജ്ഞാനാർജ്ജനത്തിന്റെ പ്രഥമേന്ദ്രിയമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കണ്ണ് സ്ഥിതിചെയ്യുന്നത്. മനുഷ്യർ ചലിക്കുന്ന ദിശയിലേക്കാണ് ഇന്ദ്രിയങ്ങൾ ആഞ്ഞുനില്ക്കുന്നത്. അതിനാൽ മുൻഭാഗത്തിന്, പിൻഭാഗത്തേക്കാൾ പ്രാധാന്യം കല്പിക്കപ്പെടുന്നു. ഈ പരിഗണന അർത്ഥത്തിന് സാമൂഹികവും സാംസ്കാരികവുമായ പ്രാധാന്യം നൽകുന്നു. ഭാവി മുമ്പിലാണെന്നും ഭൂതം പിന്നിലാണെന്നും നാം മനസ്സിലാക്കുന്നത് ശരീരത്തിന്റെ അടിസ്ഥാനത്തിലാണ്. ഭാവിയിലേക്ക് നാം ഉറ്റുനോക്കുകയാണ്. മുൻഭാഗവും പിൻഭാഗവും എല്ലാം നാം നില്ക്കുന്നതിന് ആശ്രയിച്ചായിരിക്കും. ജീവശാസ്ത്രപരമായി ശരീരത്തിന്റെ മുൻഭാഗവും പിൻഭാഗവും ഒരുപോലെ പ്രാധാന്യമർഹിക്കുന്നവയാണെങ്കിലും സാമൂഹികതയുടെ അടിസ്ഥാനത്തിൽ അവയ്ക്ക് അർത്ഥഭേദം വരുന്നുണ്ട്. ‘കുട്ടികളെ പഠിപ്പിക്കുന്ന കാര്യത്തിൽ ആ അധ്യാപകർ പിന്നിലാണ്/ മുന്നിലാണ്’’ എന്നെല്ലാം നാം പറയുന്നത് ഈ സാമൂഹികമൂല്യത്തിന്റെ അടിസ്ഥാനത്തിലാണ്. പൊതുവെ, പിൻബഞ്ചുകാർ മോശക്കാരും മുൻബെഞ്ചുകാർ മിടുക്കരുമാണല്ലോ. സദസ്സിന്റെ മുൻനിര വി.ഐ.പി.കൾക്കായി ഒഴിച്ചിടുന്നതും സാധാരണമാണ്. സിനിമാതിയ്യറ്ററിലെ പിൻനിരക്കാരെയും മുൻനിരക്കാരെയും നിശ്ചയിക്കുന്നതിൽ സാമ്പത്തികവും കാരണമാകുന്നു. അതിന്റെ അടിസ്ഥാനത്തിൽ മേൽ-കീഴുകൾ തെളിയുകയും ചെയ്യുന്നു. നാടകത്തിലും സർക്കസ്സിലും മറ്റും ഈ ക്രമം

വീണ്ടും മാറുന്നു. അവിടെ അടുത്തുകാണലും നന്നായി മനസ്സിലാക്കലും മുൻനിരക്കാരായ പണക്കാരുടേതാകുന്നു. പുരോഗമനവും പുരോഗതിയും മുന്നോട്ടുള്ള പോക്കാണ്. മുൻകൂട്ടിക്കാണാനുള്ള കഴിവും നല്ലതാകുന്നു. മുൻ-പിൻ എന്നതിന്റെ ആപേക്ഷികത നിർണയിക്കുന്നത് ശരീരമാകുന്നു. മുകളിൽനിന്ന് നോക്കുന്നതാണ് മേൽനോട്ടം. ഇവിടെ സാമൂഹികശ്രേണീകരണം പദവിയുടെയോ മറ്റോ ആകാം. ഇതിൽ ലിംഗവിവേചനം കടന്നുവരുമ്പോൾ ആൺ/പെൺനോട്ടങ്ങൾ ഉണ്ടാകുന്നു. മുന്നോട്ടുള്ളതെല്ലാം നമുക്ക് നല്ലതാകുന്നു. നേർവഴിയും നേർക്കാഴ്ചയും നേരെ എന്നതും ഓർക്കുക. നേരെചൊവ്വയിലെ ചൊവ്വ എന്നതിന് നേരെ എന്നാണർത്ഥം. ചൊവ്വാകുക എന്നാൽ നേരെയാകുക എന്നാണല്ലോ അർത്ഥം. ചൊവ്വുള്ളത് എന്നാൽ വളവില്ലാത്തത് എന്നാണർത്ഥം. അതായത് നമ്മുടെ സംസ്കാരത്തിലെ ദ്വന്ദ്വപ്രതിയോഗങ്ങളുടെ ഒരു ആവലിതന്നെ ശരീരാധിഷ്ഠിതമായി രൂപപ്പെടുന്നുണ്ടെന്ന് കാണാം. ഇതിൽ പലതും പ്രത്യയശാസ്ത്രപരമായി മാറുന്നു.

അർത്ഥവും ധൈഷണികവൃത്തിയും

ലോകബോധം ശരീരത്തിൽനിന്ന് ആരംഭിക്കുന്നു. അറിവു പ്രദാനംചെയ്യുന്നത് ശരീരമാണ്. മനുഷ്യശരീരത്തിന്റെ ഏകതാനമായ സ്വഭാവമാണ് സവിശേഷമായൊരു ലോകബോധം മനുഷ്യനു നല്കുന്നത്. അറിവ് ആർജ്ജിക്കുന്നതിനുള്ള മാധ്യമമാണ് ശരീരം. ജ്ഞാനാർജ്ജനം ബിംബാത്മകമാണ്. സവിശേഷാനുഭവങ്ങളുടെ ആവിഷ്കാരമായ ബിംബം, ചില അടിസ്ഥാനതലങ്ങളെ ഉൾക്കൊള്ളുന്നുണ്ടെന്ന് ധൈഷണികഭാഷാശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നുണ്ട്. അർത്ഥത്തെ നിർണയിക്കുന്നത് ലക്ഷകം, ഉപാദാനലക്ഷണ എന്നിങ്ങനെയുള്ള വ്യത്യസ്ത ധൈഷണികവൃത്തികളാണ്. ഉദാഹരണങ്ങൾ നോക്കുക:

1. ഉഷയുടെ വലംകൈയായിരുന്നു ചന്ദ്രിക
2. ദിലീഷ് പോത്തന്റെ പുതിയ പടത്തിലെ നായിക പുതുമുഖമാണ്
3. തലയിരിക്കുമ്പോൾ വാലാടരുത്

ശരീരം പലതരത്തിലുള്ള അവയവങ്ങളാൽ നിർമ്മിതമാണ്. തല (മനുഷ്യ)ശരീരത്തിന്റെ പ്രധാന ഭാഗങ്ങളാണ് തല, കൈ, മുഖം എന്നിവ. ശരീരത്തിന്റെ ചെറിയ അംശങ്ങൾ. എങ്കിലും ഇവ ഓരോന്നും മനുഷ്യശരീരം അഥവാ വ്യക്തിയെന്ന സാകല്യത്തെ സൂചിപ്പിക്കുന്നു. വലംകൈ എന്നത് വിശ്വസ്തൻ/വിശ്വസ്ത അഥവാ പ്രധാന സഹായിയെ കുറിക്കുന്നു. പുതുമുഖം എന്നത് പുതിയ നടനെ/നടിയെക്കുറിക്കുന്നു. ഇപ്രകാരം അംശത്തിൽനിന്ന് സാകല്യത്തിലേക്കുള്ള സൂചനയാണ് ഈ വാക്യങ്ങൾക്ക്

അർത്ഥം പകരുന്നത്. ഇത്തരം ബന്ധത്തെ ഉപാദാനബന്ധം അഥവാ മെറ്റോണമി എന്ന് വിളിക്കുന്നു. മൂന്നാമത്തെ വാക്യം ശ്രദ്ധിക്കുക. ഈ വാക്യത്തിലെ 'വാൽ' അല്പം പ്രശ്നമുണ്ടാക്കുന്നുണ്ട്. കാരണം. 'വാൽ' മനുഷ്യാവയവമല്ല. വാൽ എന്ന പ്രയോഗം ഈ വാക്യത്തിന് ആധാരമായ മറ്റൊരു തലമുണ്ടെന്ന് സൂചിപ്പിക്കുന്നു. 'വാലാട്ടുക' എന്ന പ്രയോഗം മലയാളികളെ സംബന്ധിച്ചിടത്തോളം നായയുമായി ബന്ധപ്പെട്ട സൂചനയാകയാൽ മൃഗലോകമാണ് സ്രോതസ്ഥലം. തലയിരിക്കുമ്പോൾ വാലാടരുത് എന്നത് ലക്ഷ്യതലം. ഇപ്രകാരം സ്രോതസ്ഥലവും ലക്ഷ്യതലവും തമ്മിലുള്ള അടയാളപ്പെടുത്തലിനെ ലക്ഷകം അഥവാ കോൺസ്പചൽ മെറ്റഫർ എന്നു വിളിക്കാം. തല എന്നത് പ്രധാനവ്യക്തിയെയും വാൽ അപ്രധാനവ്യക്തിയെയും സൂചിപ്പിക്കുന്നു. അപ്പോൾ അത് ഉപാദാനബന്ധത്തെ കാണിക്കുന്നു. തലയും വാലും യഥാക്രമം പ്രധാനവ്യക്തി അപ്രധാനവ്യക്തി എന്നിങ്ങനെയുള്ള സാകല്യത്തിലേക്കാണ് നീളുന്നത്.

ഇതിലൂടെ ഉപാദാനലക്ഷണ, ലക്ഷകം എന്നിവയാണ് അർത്ഥത്തെയുണ്ടാക്കുന്നതെന്ന് കണ്ടു. ഇവ രണ്ടും ധൈഷണികവൃത്തികളാണ്. ഇവ രൂപംകൊള്ളുന്നത് നമ്മുടെ അനുഭവങ്ങളിൽനിന്നാണ്. ഈ അനുഭവങ്ങൾ മസ്തിഷ്കത്തിൽ സൂക്ഷിച്ചുവെയ്ക്കുന്നത് ജ്ഞാനബിംബങ്ങളിലൂടെയാണ്. ഓർമയിലാണ് ജ്ഞാനബിംബവ്യവസ്ഥ കുടികൊള്ളുന്നത്. സങ്കല്പനരൂപീകരണത്തിന്റെ അടിസ്ഥാനവും ഇതുതന്നെയാകുന്നു.

ഭൗതികസാഹചര്യങ്ങളിലുള്ള വസ്തുക്കളുമായുള്ള ഇടപെടലുകളിൽനിന്നാണ് നമ്മുടെ അടിസ്ഥാന അനുഭവങ്ങൾ ഉണ്ടാകുന്നത്. അടിസ്ഥാന അനുഭവങ്ങളെ അടിസ്ഥാനതലങ്ങൾ എന്നു പറയാം. സങ്കല്പനത്തിന് ആധാരം അടിസ്ഥാനതലമാകുന്നു. ഈ അടിസ്ഥാനതലം രൂപപ്പെടുന്നത് ശൃംഖലാബന്ധമുള്ള ബിംബങ്ങളിലൂടെയാണ്. അറിവ് ഉത്പാദിപ്പിക്കുന്ന സങ്കല്പനങ്ങളുടെ ആധാരമായ ഈ ബിംബവ്യവസ്ഥയെ ജ്ഞാനബിംബവ്യവസ്ഥ എന്നു വിളിക്കാം. ഇക്കാര്യം ഒരു ഉദാഹരണംകൊണ്ട് വ്യക്തമാക്കാം. 'യാത്ര' എന്നത് നമ്മുടെ അടിസ്ഥാന അനുഭവമാണ്. നടത്തത്തിന്റെ നീട്ടലാണ് യാത്ര. ഇതിനെ നമുക്ക് അടിസ്ഥാനതലം എന്ന് പറയാം. ഈ തലത്തിന്റെ ജ്ഞാനബിംബവ്യവസ്ഥ എങ്ങനെ രൂപംകൊള്ളുന്നു? 'തുടക്കം-പാത-ലക്ഷ്യം' എന്നിങ്ങനെ ബിംബങ്ങളുടെ ശൃംഖലയിലൂടെയാണ് 'യാത്ര' എന്ന അടിസ്ഥാനതലം രൂപപ്പെടുന്നത്. ശരീരഭാഗങ്ങൾ പലതും ഇപ്രകാരം അർത്ഥത്തെ ഉത്പാദിപ്പിക്കുന്ന മണ്ഡലങ്ങളായി മാറുന്നു. തല എന്നതിന് കൊടുക്കുന്ന അർത്ഥം നോക്കുക [3].

3 ശബ്ദതാരാവലി.2010:1016.

February, 2019 മലയാളപ്പച്ച
Volume 01: No. 08 *malayala pachcha*

1. ജീവികളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു അവയവം, ജന്തുക്കളുടെ ശരീരത്തിന്റെ മുകളറ്റത്തോ മുന്നറ്റത്തോ ഉള്ളത്.കണ്ണ്, കാത്, വായ്, തുടങ്ങിയവയും മസ്തിഷ്കവും തലയിൽ സ്ഥിതിചെയ്യുന്നു.
2. ( വൃക്ഷങ്ങളുടെയും മറ്റും മുകൾഭാഗം)തലപ്പ്,
3. അറ്റം( വിശേഷിച്ച് മുമ്പിലത്തെ അറ്റം),
4. ഭാഗം, വശം( അഭിമുഖമായി നിൽക്കുന്ന രണ്ടു സംഘങ്ങളെ കുറിക്കുമ്പോഴെന്നപോലെ),
5. വാളിന്റെയും മറ്റും മൂർച്ചയുള്ള വശം,
6. അതിര്.
7. ആദ്യത്തേത്, ഒന്നാമത്തേത്,
8. ആരംഭം, തുടക്കം,
9. മുഖ്യമായത്, പ്രധാനപ്പെട്ടത്,
10. തലമുടി,
11. ബുദ്ധി, തലച്ചോറ്,
12.ആൾ, വ്യക്തി,
13.(നായാട്ട്) അമ്പെയ്യൽ,
14. നാണയത്തിൽ മൂല്യം രേഖപ്പെടുത്തിയിരിക്കുന്നതിന്റെ മറുവശം

1.തലകളയുക(മരിക്കുക)
2.(ചിന്തിച്ച് ക്ലേശിക്കുക),
3. തലകാട്ടുക -മുമ്പിൽ വരിക- പ്രത്യക്ഷപ്പെടുക, മുന്നോട്ടു വരിക, ഇടപെടുക,
2. വ്യക്തമാകുക, വെളിയിലാവുക
3. ചടങ്ങിനുവേണ്ടി മാത്രം പോയി ഉടനെ മടങ്ങുക
4. തലകീഴ്മറിയുക,
5. തലകുത്തിമറിയുക(അഭ്യാസം കാണിക്കുക, 2. പ്രയാസപ്പെടുക)
6. തലകുനിക്കുക(വിധേയത്വം ഭാവിക്കുക, തോൽവി സമ്മതിക്കുക, വണങ്ങുക, 2. ലജ്ജിക്കുക

തലകൊടുക്കുക 1. മുമ്പിട്ടു നില്ക്കുക, ഭാരമേല്ക്കുക,

ഇത്തരത്തിൽ പലതരം അർത്ഥങ്ങൾ തലയുമായി ബന്ധപ്പെട്ട് ശബ്ദതാരാവലിയിൽകൊടുത്തിട്ടുണ്ട്.

ഇപ്രകാരം ശരീരാവയവങ്ങളിൽനിന്ന് സമ്പുഷ്ടമായ നിഘണ്ടു രൂപപ്പെടുന്നുണ്ട്. ഭാഷാർജ്ജനത്തിന്റെ ആദ്യഘട്ടത്തിൽതന്നെ ഇവയിൽ പലതും നാം പഠിച്ചെടുക്കുകയും ചെയ്യുന്നു. ഇവയിൽനിന്നു രൂപംകൊള്ളുന്ന ലക്ഷകങ്ങളുടെ എണ്ണം വളരെക്കൂടുതലാണ്. ശരീരവും മനസ്സും

തത്ത്വചിന്തകർക്കും മനശ്ശാസ്ത്രജ്ഞർക്കും ഭാഷാശാസ്ത്രജ്ഞർക്കും ഒരുപോലെ താത്പര്യമുള്ള മേഖലയായി മാറിയിട്ടുണ്ട്. ഇവയിൽ പലതും വ്യത്യസ്തമായ രീതിയിലാണ് ശരീരത്തെ പരിഗണിച്ചുപോരുന്നത്. ശരീരാവയവങ്ങളിൽ പ്രധാനപ്പെട്ട തലയ്ക്കു പുറമേ ഹൃദയം, വായ, കൈ, കണ്ണ് എന്നിവയും ധാരാളം ലക്ഷകങ്ങളുടെ ഉറവിടങ്ങളാണ്. ചിലപ്പോൾ ഉപാദാനബന്ധവും കയറിവരുന്നു.

കണ്ണ്- കാണാൻ ഉപകരിക്കുന്ന ഉപകരണം എന്നർത്ഥമാണ് കണ്ണിന് ശബ്ദതാരാവലി(2010:447) കൊടുത്തിരിക്കുന്നത്: കണ്ണിൽനിന്നുണ്ടാകുന്ന പദങ്ങൾ നോക്കുക: കണ്ണടയ്ക്കുക, കണ്ണോടിക്കുക, കണ്ണിറുക്കുക, കണ്ണെഴുതുക, കണ്ണെറിയുക, കണ്ണു നനയുക, കണ്ണുകാണിക്കുക, കണ്ണുതുറക്കുക, കണ്ണിൽ എണ്ണ ഒഴിച്ച് കാത്തിരിക്കുക, കണ്ണുപറ്റുക, കണ്ണുവെയ്ക്കുക, കണ്ണിൽ ചോരയില്ല, കണ്ണുകടി, കണ്ണുതുറക്കുക,കണ്ണുതെളിയുക, കണ്ണു തള്ളിപ്പോകുക, കണ്ണിറുക്കുക, കണ്ണുപൊട്ടൻ, കണ്ണുമറയുക, കണ്ണടയുക, കണ്ണുവെയ്ക്കുക, കണ്ണുവട്ടത്ത്, കണ്ണെടുക്കുക, കണ്ണെറിയൽ, കണ്ണേറ് ദോഷം, കണ്ണോക്കം(നോട്ടം), കണ്ണെത്തുക എന്നിങ്ങനെ ഉപാദനാലക്ഷണയും ലക്ഷകവുംചേർന്ന് ധാരാളം പദങ്ങൾ കണ്ണ് എന്ന ഒറ്റ അവയവത്തിൽ നിന്ന് ഉടലെടുക്കുന്നു. എല്ലാ ലക്ഷകങ്ങളും ഉപാദാനപ്രദാനങ്ങളാണെന്ന് കാണാം. ഹൃദയം എന്ന അവയവത്തെ ധൈര്യം, പ്രണയം, വെറുപ്പ്, ഭയം എന്നീ വികാരങ്ങളുമായി ബന്ധപ്പെടുത്തിപ്പറയാറുണ്ട്. ഹൃദയവുമായി ബന്ധപ്പെട്ട ലക്ഷകങ്ങൾ

1. ഹൃദയം മനുഷ്യനാണ്
2. ഹൃദയം ജീവിയാണ്
3. ഹൃദയം ഒരു വസ്തുവിന്റെ മൂല്യമാണ്
4. ഹൃദയം പാത്രമാണ്

ഇവയിൽനിന്നുമുണ്ടാകുന്ന ഏതാനും പ്രയോഗങ്ങൾ ശ്രദ്ധിക്കുക—ഹൃദയങ്ങൾ ഒന്നായി, തകർന്നുപോയി, പൊട്ടിപ്പോയി, ജ്വലിച്ചു, തുടിച്ചു. ഹൃദയത്തിന്റെ പര്യായമായ ചങ്കും ലക്ഷകങ്ങളായി ഉപയോഗിക്കുന്നുണ്ട്. ചങ്കുപറിച്ചുകൊടുക്കുക, ചങ്കുറപ്പുള്ളവൻ, ചങ്കൂറ്റം, ഹൃദയം പാത്രമാകുന്നു. ശരീരത്തെ മൊത്തത്തിൽ പാത്രമായി നാം കാണുന്നു. ഹൃദയത്തെയും പാത്രമായി കാണുന്നു. അതുകൊണ്ടാണ് ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുക എന്ന പ്രയോഗംകാണുന്നത്.

I am you, you are mine
I locked you in my mind
But the little key was lost

so you will be there always എന്നതിൽ ഹൃദയത്തെ പൂട്ടിവെയ്ക്കാവുന്ന പെട്ടിയായി കാണുകയാണ്. "ദാ പെണ്ണേ നിനക്കായി എന്റെ ഹൃദയത്തിന്റെ സുന്ദരക്കുട്ടപ്പൻ താക്കോൽ" എന്ന് ബഷീർ പ്രേമലേഖനത്തിൽ പറയുന്നത് ഓർക്കുക.

ബലം എന്ന ആശയം

ചലനം മനുഷ്യജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. എന്താണ് ബലം- ഉന്തലും വലിക്കലുമാണത്. ബലം ഒന്നിനെ ചലിപ്പിക്കുന്നു. 1. വേഗം, ചലനത്തിന്റെ ദിശ എന്നിവയേയോ രണ്ടിനേയും ചേർത്തോ ബലം മാറ്റുന്നു. 2. അത് ഒന്നിന്റെ ആകൃതിയും രൂപവും മാറ്റുന്നു. ബലമെന്നാൽ അനങ്ങാതിരിക്കുന്ന വസ്തുവിനെ അനക്കലാണ്. ചലിക്കുന്ന ഒന്നിന്റെ വേഗം കൂട്ടലാണ്. ദിശമാറ്റലാണ്. കാര്യ-കാരണബന്ധത്തെയുണ്ടാക്കുന്നതാണത്. ബലവുമായി ബന്ധപ്പെട്ടാണ് ബാലൻസ് എന്ന ആശയം ഉണ്ടാകുന്നത്. ബലത്തെ നമുക്ക് രണ്ടായി തിരിക്കാം. നേരിട്ട് പ്രവർത്തിക്കുന്ന ബലം, പരോക്ഷമായി പ്രവർത്തിക്കുന്ന ബലം എന്നിങ്ങനെ. സമ്മർദ്ദവും ബലവും പര്യായപദങ്ങളായി ഉപയോഗിക്കാറുണ്ട്. എങ്കിലും അവ തമ്മിൽ വ്യത്യാസമുണ്ട്. ഒന്നിനെ ഉള്ളിലേക്ക് തള്ളുന്നതാണ് സമ്മർദ്ദം. സാന്ദ്രതയും സ്ഥലവുമായി ബന്ധപ്പെട്ട ഒന്നാണത്. ചെറിയ കുപ്പിയിൽ കൂടുതൽ ചായപ്പൊടി കുത്തിനിറയ്ക്കുന്നത് ഉദാഹരണം. ബലത്തെക്കുറിച്ചുള്ള ഈ അടിസ്ഥാന അറിവാണ് അതുമായി ബന്ധപ്പെട്ട ലക്ഷകത്തെയും ജ്ഞാനമാതൃകയെയും വാർത്തെടുക്കുന്നത്. അതുകൊണ്ടാണവ ഭാഷയിൽ സുലഭമായി കാണുന്നത്.

സൗന്ദര്യം ബലമാണെന്ന ഉടൽലക്ഷകം ധാരാളം കാര്യങ്ങളെ ഉൾക്കൊള്ളുന്നുണ്ട്. സാഹചര്യങ്ങളുമായി ബന്ധപ്പെട്ടാണ് ബലം എന്ന ആശയത്തെ നാം മനസ്സിലാക്കുന്നത്. പരിസ്ഥിതിയുമായി, ശരീരത്തെ എങ്ങനെയെല്ലാം നിയന്ത്രിക്കാമെന്നും അതിനെ എങ്ങനെ വ്യാവർത്തിപ്പിക്കാമെന്നുമൊക്കെ മനസ്സിലാക്കിയാണ് ബലം എന്ന ആശയത്തെ നാം ഉൾക്കൊള്ളുന്നത്. ഗുരുത്വാകർഷണം, പ്രകാശം, ചൂട്, തണുപ്പ് , കാറ്റ്, ശാരീരികപ്രക്രിയകൾ തുടങ്ങിയ ബാഹ്യവും ആന്തരികവുമായ ബലങ്ങളോട് ഇടപെടാനുള്ള ശക്തി നമ്മുടെ ശരീരത്തിനുണ്ട്. അപ്പോൾ സാഹചര്യവുമായുള്ള നിരന്തരസമ്പർക്കത്തിന്റെ ഫലമായി ശരീരത്തിലൂടെ നാം ബലം എന്ന സങ്കല്പത്തെ മനസ്സിലാക്കുന്നു.

'മെയ് വഴക്കം'എന്ന പ്രയോഗം മലയാളികളുടെ ഉൾക്കരുത്താണ്. ബലവുമായുള്ള പ്രതിപ്രവർത്തനത്തിലൂടെയാണ് നാം എടുക്കാനും

തൊട്ടുക്കാനും ഓടാനും ചാടാനും മറിയാനും ചായകുടിക്കാനും കപ്പ് പിടിക്കാനുമൊക്കെയുള്ള ബലത്തെ വഴക്കിയെടുക്കുന്നത്. വഴക്കം കായികബലത്തിന്റെ വ്യത്യസ്ത പ്രത്യക്ഷീകരണങ്ങളെ കാണിക്കുന്നു.

'ആഗ്രഹങ്ങൾക്കു വഴങ്ങിക്കൊടുത്തുവെന്ന്' പറയുമ്പോൾ ഒരാൾ ചെലുത്തിയ ബലത്തിനനുസരിച്ച് കാര്യങ്ങൾചെയ്തു കൊടുത്തുവെന്നാണർത്ഥം. (ലൈംഗികബന്ധത്തിന് വഴങ്ങിയെന്നർത്ഥത്തിനാണ് പ്രചാരം). ലൈംഗികബന്ധം ബലപരീക്ഷണമാണ്; കായികബലത്തിന് മറ്റൊരു കായികബലം കീഴടങ്ങിനിൽക്കുകയാണിവിടെ. സ്ത്രീകളുടെ അനുവാദമില്ലാതെ അവരെ ആക്രമിച്ചുകീഴടക്കി ശാരീരികബന്ധത്തിൽ ഏർപ്പെടുന്ന പ്രവൃത്തിയാണ് ബലാത്സംഗം. ബലംപ്രയോഗിച്ചുകൊണ്ട് നടത്തുന്ന ലൈംഗികചൂഷണമാണത്[4]. അർത്ഥം ഉടലുമായി ബന്ധപ്പെട്ടാണ് രൂപപ്പെടുന്നതെന്ന വസ്തുതയെ ഇക്കാര്യങ്ങളെല്ലാം സാധൂകരിക്കുന്നു.

ഉപസംഹാരം

ആംഗ്ലോ-അമേരിക്കൻപാരമ്പര്യത്തിൽ ഉൾപ്പെടുന്ന തത്ത്വചിന്തയായ വസ്തുനിഷ്ഠലോകവീക്ഷണത്തെ അടിസ്ഥാനമാക്കി ഉരുവപ്പെട്ട സത്യാധിഷ്ഠിതാർത്ഥവിചാരത്തെ (Truth conditional semantics) എതിർത്തുകൊണ്ട് എഴുപതുകളിൽ നാമ്പിട്ട അർത്ഥപഠനരീതിയാണ് ധൈഷണികാർത്ഥവിചാരം.

1. ഇന്ദ്രിയജ്ഞാനംവഴിയാണ് അറിവ് ആർജ്ജിക്കുന്നത്. ഇന്ദ്രിയാനുഭവങ്ങളിലൂടെ മനസ്സിലെത്തുന്ന വിവരങ്ങൾ ഓർമയിൽ ശേഖരിച്ചുവെയ്ക്കുന്നു. അവ ആവശ്യമായി വരുന്ന സന്ദർഭത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിനെ ധൈഷണികത എന്നു വിളിക്കാം. മനുഷ്യന്റെ എല്ലാ വ്യവഹാരങ്ങളും നടക്കുന്നത് ധൈഷണികതയുടെ അടിസ്ഥാനത്തിലാണ്. അർത്ഥമുള്ള വിവരങ്ങളാണ് മനസ്സ് ശ്രദ്ധിക്കുക. ഐന്ദ്രീയാനുഭവങ്ങളുടെ പുറംലോകവും സങ്കല്പനഘടനയും തമ്മിലുള്ള ബന്ധസ്വഭാവം പരിശോധിക്കലാണ് ധൈഷണികാർത്ഥത്തിന്റെ പൊതുസ്വഭാവം. വളരെ യുക്തിയുക്തമായ സമീപനമായിട്ടാണ് ധൈഷണികഭാഷാശാസ്ത്രജ്ഞരുടെ അർത്ഥപഠനം വിശേഷിപ്പിക്കപ്പെടുന്നത്. ലോകബോധം ശരീരത്തിൽനിന്ന് ആരംഭിക്കുന്നു. ഉടലറിവാണ് അർത്ഥത്തിന് അടിസ്ഥാനം. മനുഷ്യശരീരത്തിന്റെ ഏകതാനമായ സ്വഭാവമാണ് സവിശേഷമായൊരു ലോകബോധം മനുഷ്യർക്ക് പകർന്നുനൽകുന്നത്. അർത്ഥം ആർജിക്കുന്നതിന്റെ മാധ്യമായി ശരീരം നില്ക്കുന്നു. ഐന്ദ്രിയാനുഭവങ്ങളിലൂടെ ആർജിക്കുന്ന പുറംലോകവും മസ്തിഷ്കത്തിനകത്തുള്ള സങ്കല്പനഘടനയും തമ്മിലുള്ള ബന്ധമാണ് ധൈഷണികാർത്ഥവിചാരത്തിന്റെ പൊതുസ്വഭാവം.

---

4 ഗിരീഷ്, പി.എം. 2016. ജോർജ് ലക്കോഫ്, *ഭാഷയുടെ രാഷ്ട്രീയമനസ്സ്*, തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.

## Select Bibliography

2. ഗിരീഷ്, പി.എം. 2016. *ന്യൂറോസൗന്ദര്യശാസ്ത്രം*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

3. ഗിരീഷ്, പി.എം. 2012. അറിവും ഭാഷയും ധൈഷണികഭാഷാശാസ്ത്രം: ആമുഖം. തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

4. ഗിരീഷ്, പി.എം. 2009. *'മലയാളത്തിലെ സംപ്രത്യയ വർഗീകരണം ഒരു ധൈഷണികഭാഷാശാസ്ത്രസമീപനം'*. വിജ്ഞാനകൈരളി. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

5. ഗിരീഷ്,പി.എം. 2013. *മലയാളം സ്വത്വവും വിനിമയവും*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

6. മുഹമ്മദലി, എൻ.എം. 2012. *ജ്ഞാനാത്മകമനശ്ശാസ്ത്രം*. കോട്ടയം: ഡി.സി.ബുക്സ്.

7. വേണുഗോപാലപ്പണിക്കർ. ടി. ബി. 1999. *വാക്കിന്റെ വഴികൾ*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

8. ശ്രീകണ്ഠേശ്വരം, 2010. ശബ്ദതാരാവലി, കോട്ടയം: ഡി. സി. ബുക്സ്.

9. Croft, William, & Cruse, David Alan. 2004. *Cognitive Linguistics*. Cambridge: Cambridge University Press.

10. Crystal, David.2003. *A Dictionary of Lingusitics and Phonetics*. UK: Blackwell Publishing.

11. Langacker, Ronald. 1987. *Foundations of Cognitive Grammar. Vol X* Stanford: StanfordUniversity Press.

12. Langacker, Ronald. 1999. *Grammar and Conceptalization*.Berlin: Mounton de Gruyter.